LIBRARY ARCHIVES Kerala Legislative Assembly

കുണ്ടുപറമ്പ്-മൊകവൂർ-എരഞ്ഞിക്കൽ റോഡ്

79 [661] *ശ്രീ. എ. സി. ഷൺമുഖദാസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടുപറമ്പ്-മൊകവൂർ-എരഞ്ഞിക്കൽ റോഡ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ കോപ്പി ലഭ്യമാക്കാമോ;

(സി) ഈ റോഡ് വീതികൂട്ടി ടാർ ചെയ്യുന്നതിന് ബന്ധപ്പെട്ട വകുപ്പിൽനിന്ന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര സംഖ്യ മതിപ്പുചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) പ്രസ്തുത റോഡ് 23-11-2004 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ 1172/04/പൊ.മ.വ. പ്രകാരം ഏറ്റെടുത്തിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) ഇല്ല.

ഫറോക്ക്-മണ്ണൂർ-കടലുണ്ടി റോഡിന്റെ നവീകരണം

80 [662] *ശ്രീ. വി. കെ. സി. മമ്മത് കോയ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫറോക്ക്-മണ്ണൂർ-കടലുണ്ടി റോഡിന്റെ നവീകരണപ്രവൃത്തി മന്ദഗതിയിലാണെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ;

(ബി) റോഡ് നവീകരണപ്രവൃത്തി ത്വരിതപ്പെടുത്താൻ നിർദ്ദേശം നൽകാമോ;

(സി) ഫറോക്ക്-മണ്ണൂർ-കടലുണ്ടി റോഡിലെ കല്ലംപാറ പാലം പുതുക്കിപ്പണിയുന്നതിനുള്ള പ്രവൃത്തിയും ഇതോടൊപ്പംതന്നെ നടത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) പാലം പുതുക്കിപ്പണിയുന്നതിനുള്ള എസ്റ്റിമേറ്റും ഡിസൈനും എൽ. ബി. എസ്. സമർപ്പിച്ചിട്ടുണ്ടോ; എസ്റ്റിമേറ്റ് തുക വെളിപ്പെടുത്താമോ;

(ഇ) പാലത്തിന്റെ നിർമ്മാണപ്രവൃത്തിയുടെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) & (ബി) ഫറോക്ക്-കടലുണ്ടി റോഡിന്റെ നവീകരണപ്രവൃത്തി 2004 ജൂലൈയിൽ മാത്രമാണ് ആരംഭിച്ചത്. പ്രസ്തുത പണി ചെയ്തുതീർക്കാനുള്ള കാലാവധി 18 മാസമാണ്. ഇതിനകം റോഡ് ഫോർമേഷൻ, പാർശ്വഭിത്തി തുടങ്ങിയവയുടെ പ്രവൃത്തി 90 ശതമാനത്തോളം പൂർത്തീകരിച്ചിട്ടുണ്ട്. മഴക്കാലം കഴിഞ്ഞാൽ ശേഷിക്കുന്ന പണികൾ ഉൾപ്പെടെ ടി പ്രവൃത്തി പൂർണ്ണമായുംതന്നെ കാലാവധിക്കുള്ളിൽ ചെയ്തുതീർക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) സ്വീകരിക്കുന്നതാണ്.

(ഡി) & (ഇ) പ്രസ്തുത പാലം പണിയുന്നതിനായി 250 വക്ഷം രൂപ അടങ്കലുള്ള ഒരു റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇത് പരിശോധിച്ചു വരുന്നു.

ചേലമ്പ്ര പഞ്ചായത്ത് പാലം

81 [663] *ശ്രീ. കെ. എൻ. എ. ഖാദർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി നിയോജകമണ്ഡലത്തിലെ ചേലമ്പ്ര പഞ്ചായത്തിനെ രാമനാട്ടുകര, ഫറോക്ക് പഞ്ചായത്തുകളുമായും കോഴിക്കോട് ജില്ലയുടെ മറ്റ് ഭാഗങ്ങളുമായും ബന്ധപ്പെടുത്താൻ പാലം വേണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പുലിക്കടവ് പാലത്തിന്റെ സൈറ്റ് സർവ്വേ കഴിഞ്ഞു. സോയിൽ ഇൻവെസ്റ്റിഗേഷൻ നടന്നുകൊണ്ടിരിക്കുന്നു.

കോഴിക്കോട്-കൽപ്പറ്റ റോഡ്

82 [664] *ശ്രീ. സി. മമ്മൂട്ടി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1997-ൽ ജി. ഒ. (ആർ. റ്റി.) നമ്പർ 282/97/പി. ഡബ്ല്യു. ആന്റ് ടി. പ്രകാരം പ്രഖ്യാപിച്ച സംസ്ഥാന ഹൈവേയിൽ 14-ാം നമ്പറായ കോഴിക്കോട്-കൽപ്പറ്റ റോഡ് ഏതെല്ലാം പഞ്ചായത്തുകൾവഴിയാണ് കടന്നു പോകുന്നത്;

LIBRARY ARCHIVES Kerala Legislative Assembly